Mr. T. A. Ramachandra Ayyar.—Sir, have they considered about the abolition of the same here also?

Mr. A. K. Vengu Ayyar.—We have not yet considered.

Conversion of Nilams.

114. Mr. K. T. Mathew—Will the Government be pleased to state how many acres of *Kanam* land under മുണ്ടകൻ കൃഷി (*Mundakan Krishi*) in the State have been turned into പുഞ്ച (*Puncha*) fields and made to yield better crop since the enactment of the Cochin Tenancy Regulation in 1090?

Mr. P. Damodara Menon.—Government have no information.

The Cheruvirutti-Nedumpura Road.

115. മിസ്റ്റർ. കെ. ശങ്കരൻ നമ്പൂതിരി.—(a) ചെറുതുരുത്തി നെടുമ്പുരറോഡിനെ സംബന്ധിച്ച് അന്വേഷണം നടത്തിയതിനുശേഷം വല്ല തീരുമാനങ്ങളും ചെയ്യുകഴിഞ്ഞിട്ടുണ്ടോ?

ഉണ്ടെങ്കിൽ ആ തീരുമാനം എന്താണെന്നു ദയവുചെയ്തു പറയാമോ?

മിസ്റ്റർ.ഐ. രാമൻമേനോൻ—(a) and (b) ഈറോഡ് നന്നാക്കാൻ 100 ക. ചിലവുചെയ്യുവാൻ ഗവർമ്മെണ്ടു് സമ്മതിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—റോഡ് നന്നാക്കുന്നതിനു് 100 രൂപാ ചിലവുചെയ്യാമെന്നാണു് ഉത്തരം. നന്നാക്കാനും വേണ്ടി റോഡു് തരിയാക്കീട്ടുണ്ടോ?

മിസ്റ്റർ ഐ. രാമൻമേനോൻ.—തരിയാക്കീട്ടില്ല. എങ്കിലും ആളുകൾ പോകുന്നുണ്ടു്.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—റോഡു തരിയാക്കി നന്നാക്കുന്നതിനു് 100 രൂപാ മതിയാകുമെന്നു് വിചാരിക്കുന്നുണ്ടോ?

പ്രസിഡെണ്ടു്.—പോരെങ്കിൽ അധികം ചിലവുചെയ്യാം. റോഡു നന്നാക്കണമെന്നു തിരുമനസ്സുകൊണ്ടു തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ വേണ്ടത്ര സംഖ്യ ചിലവാക്കാതിരിക്കാൻ തരമുണ്ടോ?

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—എങ്കിലും എത്ര സംഖ്യ ചിലവാകുമെന്നു കണക്കാക്കീട്ടുണ്ടോ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—൨,൫൦൦ രൂപാക്കു് എസ്റ്റിമേറു് അയച്ചിട്ടുണ്ടു്.

പ്രസിഡെണ്ടു്.—അതിനടുത്തുള്ള നിലങ്ങൾ റോഡാവശ്യത്തിലേക്കു് എടുക്കേണ്ടിയിരിക്കുന്നു. ആ നിലങ്ങൾ വെറുതെ കിട്ടാൻ സാധിക്കുകയില്ലെന്നല്ലെ നാം അറിഞ്ഞിരിക്കുന്നതു്.

മിസ്റ്റർ കെ. ശങ്കരൻ നമ്പൂതിരി.—മറ്റു മിക്കഭാഗങ്ങളും വെറുതെ കിട്ടുമെന്നുവച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly